13-ാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3950 — 31.01.2014-ൽ മറുപടിയ്ക്ക്

# ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ദൈനംദിന ലാഭത്തിൽ പ്രവർത്തിച്ചുവന്നിരുന്നത് എന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ദൈനം ദിന ലാഭം റിപ്പോർട്ട് ചെയ്യുന്ന സംവിധാനം നിലവിലില്ലായിരുന്നു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ ദൈനം ദിന ഉൽപ്പാദനം, വിൽപ്പന എന്നീ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സംവിധാനം റിയാബ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഇപ്പോഴുള്ളത്; എങ്ങനെയാണ് ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈ സ്ഥാപനം നഷ്ടത്തിലായത് ; വ്യക്തമാക്കുമോ ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കത്സ് 189 ലക്ഷം രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. 2012-13 കാലയളവിൽ സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിച്ച ഓർഡറിന്റെ 1/3 ഓർഡറുകൾ മാത്രമെ ലഭിച്ചിരുന്നുള്ളു. അപ്രതീക്ഷിതമായി സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമുള്ള ഓർഡറുകളുടെ കുറവു മൂലമാണ് കമ്പനി നഷ്ടത്തിലായത്. |

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മുഴുവൻ മരുന്നുകളും സപ്ലൈ ചെയ്യുന്ന സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കെ.എസ്.ഡി.പി യിൽ നിന്നും മരുന്ന് വാങ്ങുന്നുണ്ടോ ; എന്നു മുതൽ ഇവിടെനിന്നും മരുന്ന് വാങ്ങുന്നു; പ്രതിവർഷം എത്ര കോടി രൂപയുടെ മരുന്നാണ് വാങ്ങുന്നത്; എന്തു കാരണത്താലാണ് ഇപ്പോൾ ഇവിടെ നിന്നും മരുന്ന് വാങ്ങാത്തതെന്ന് കാണിച്ച് കോർപ്പറേഷൻ കത്തു നൽകിയിട്ടുണ്ടോ ;

(സി) ഉണ്ട്. 2008-09 സാമ്പത്തിക വർഷം മുതൽ സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കെ.എസ്.ഡി.പി യിൽ നിന്നും മരുന്നുകൾ വാങ്ങുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

2008-09 - 12.31 കോടി രൂപ
2009-10 - 15.51 കോടി രൂപ
2010-11 - 31.29 കോടി രൂപ
2011-12 - 36.07 കോടി രൂപ
2012-13 - 13.91 കോടി രൂപ
2013-14 - 13.00 കോടി രൂപ

കൂടുതൽ മരുന്നുകൾ വാങ്ങാത്തത് സംബന്ധിച്ച് സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ കത്തുകൾ ഒന്നും നൽകിയിട്ടില്ല.

(ഡി) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(ഡി) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ഓർഡറുകളുടെ ലഭ്യതക്കുറവു മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വർഷം ആന്ധ്രാ സർക്കാരിൽ നിന്നും 10.88 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. കർണ്ണാടക സർക്കാരിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പുതിയപ്രോജക്ടുകൾ തീരുന്ന മുറക്ക് GMP ലൈസൻസോടുകൂടിയ കൂടുതൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Hanu

സെക്ഷൻ ഓഫീസർ